**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1967** **11-10-2021 - ൽ മറുപടിയ്ക്ക്**

**ക്രിമിനല്‍ കേസുകള്‍ പിന്‍വലിയ്ക്കുന്നതിന് നിരാക്ഷേപപത്രം നല്‍കല്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുന്‍ സര്‍ക്കാരിന്റെയും ഈ സര്‍ക്കാരിന്റെയും കാലത്ത് എത്ര ക്രിമിനല്‍ കേസുകള്‍ പിന്‍വലിയ്ക്കുന്നതിന് നിരാക്ഷേപപത്രം നല്‍കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | മുന്‍ സര്‍ക്കാരിന്റെയും ഈ സര്‍ക്കാരിന്റെയും കാലത്തായി പോലീസ് വകുപ്പ് നിര്‍ദ്ദേശിച്ചത് ഉള്‍പ്പെടെ ഇതുവരെ (25.05.2016 മുതല്‍ 30.09.2021 വരെ ) 5325 കേസുകള്‍ കോടതിയുടെ അനുമതിയോടെ പിന്‍വലിയ്ക്കുന്നതിന് സര്‍ക്കാരിന് എതിര്‍പ്പില്ല എന്ന നിരാക്ഷേപപത്രം നല്‍കിയിട്ടുണ്ട്. ഓരോ കേസിന്റെയും നിയമ വശങ്ങള്‍ പരിഗണിച്ച് പിന്‍വലിയ്ക്കുന്നതിനുള്ള അധികാരം കോടതിയില്‍ നിക്ഷിപ്തമാണ്. |
| (ബി) | ഏതെല്ലാം വ്യക്തികള്‍ക്കെതിരെയുള്ള കേസുകള്‍ പിന്‍വലിയ്ക്കുന്നതിനാണ് നിരാക്ഷേപപത്രം നല്‍കിയിട്ടുള്ളത്; ഓരോ കേസിന്റെയും വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേസുകളുടെ വിശദാംശം സംബന്ധിച്ച വിവരം ശേഖരിച്ച് നല്‍കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍